# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുവേശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെ എൻ ആർ/സി4/849/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുവേശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെ എൻ ആർ/സി4/849/22 തീയ്യതി: 24/06/2022

## കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-06-2020 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 27-05-2022 | 07-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 07-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സബിത.കെ, ഓഡിറ്റർ
ശ്രീമതി.ധന്യ.എം.വി, ഓഡിറ്റർ
ശ്രീമതി.അന്ന അബ്രഹാം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ജോസഫ് ഐസക് | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ടെസ്സി ഇമ്മാനുവൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രസന്നകുമാർ.എൻ | സെക്രട്ടറി | 01-04-2020 | 26-07-2020 |
| ശ്രീ.ജോർജ്ജ്.ഒ.എം | സെക്രട്ടറി | 27-07-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിനു .വി.എൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നീതു.പി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സിക്ഫാന ഷമീറ.പി.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| അനിൽകുമാർ എ.പി | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഉണ്ണികൃഷ്ണൻ.ബി.എസ് | അസി.സെക്രട്ടറി | 01-04-2020 | 11-06-2020 |
| ബിജോയ് മാത്യു | അസി.സെക്രട്ടറി | 12-06-2020 | 24-06-2020 |
| സജിത്കുമാർ | അസിസ്റ്റൻറ് സെക്രട്ടറി | 25-06-2020 | 27-07-2020 |
| ബിജോയ് മാത്യു | അസിസ്റ്റൻറ് സെക്രട്ടറി | 28-07-2020 | 13-08-2020 |
| സജിത് കുമാർ | അസി.സെക്രട്ടറി | 14-08-2020 | 31-03-2021 |
| അരുൺ രേണുക ദേവി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 18-06-2020 |
| അനിത.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-06-2020 | 31-03-2021 |
| ആശാലത.പി.വി. | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ആന്റണി.പി. | ഹെഡ്മാസ്റ്റർ | 01-06-2020 | 31-03-2021 |
| സിനാജുദ്ദീൻ | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| രജീഷ്.ടി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ബിജു.കെ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സജീവൻ.എ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ടിന്റിൽ തോമസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 11-02-2021 |
| ഡോ.ബിന്ദു.കെ.ജെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 12-02-2021 | 31-03-2021 |

01.12.2020 മുതൽ 29.12.2020 വരെ കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് ഭരണസമിതിയുടെ ചുമതല വഹിച്ചിരുന്നത്.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ<br>Written By: Remani Kizhakkeel (Audit Officer, On 09-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 08-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-9 |
| 11 | നിലവിലുള്ള കെട്ടിടത്തിന്റെ വിപുലീകരണ ഭാഗത്തിന്റെ വസ്തു നികുതി ഡിമാൻഡ് ചെയ്തിട്ടില്ല.<br>Written By: Anu Abraham (Auditor, On 08-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-10 |
| 12 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.<br>Written By: Anu Abraham (Auditor, On 08-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-11 |
| 13 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 08-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-12 |
| 14 | ജലജീവൻ മിഷൻ വിഹിതം നൽകൽ -രേഖകൾ ഹാജരാക്കിയില്ല -123750/- തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-13 |
| 15 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകതകൾ | 1-14 |

| | | |
|---|---|---|
| | Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | |
| 16 | വിതരണ രേഖകൾ ഹാജരാക്കിയില്ല – 219108/- തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 1-15 |
| 17 | പാലിയേറ്റീവ് ഹോംകെയർ പദ്ധതി-മരുന്നുകൾ ലഭ്യമാക്കിയില്ല.-<br>Written By: Anu Abraham (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-16 |
| 18 | പൂപ്പറമ്പ് ആധുനിക ശ്മശാനം നിർമ്മാണം - പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 08-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-17 |
| 19 | സൈൻ ബോർഡ് സ്ഥാപിക്കൽ – ഭരണസമിതി തീരുമാനത്തിനനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല.<br>Written By: Reena Pittan (Asst. Audit Officer, On 08-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-18 |
| 20 | താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sabitha.K (Auditor, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 07-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്തിന്റെ ബജറ്റ് ഭരണ സമിതിയുടെ 17-03-2020 തീയതിയിലെ 1/68/20 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 18-02-2021 തീയ്യതിയിലെ 51/2021 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | തീരുമാനം & തീയതി | പുതുക്കിയ ബജറ്റ് | തീരുമാനം & തീയതി |
|---|---|---|---|---|
| മുന്നിരിപ്പ് | 4996158 | 1/68/20 തീയതി 17/03/20 | 12939832 | 51/2021 തീയതി 18/02/2021 |
| വരവ് | 185340617 | | 237203747 | |
| ആകെ | 190336775 | | 250143579 | |
| ചെലവ് | 188030204 | | 247937203 | |
| നീക്കിയിരിപ്പ് | 2306571 | | 2206376 | |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 07.07.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

1.ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2.അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

3.വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4.ബിൽഡിംഗ് പെർമിറ്റ്-വർഷാന്ത്യ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

5. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപെടുത്തിയിട്ടില്ല.
6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20478594 |
| വരവ് | 70342440 |
| ആകെ | 90821034 |
| ചെലവ് | 74597715 |
| നീക്കിയിരിപ്പ് | 16223319 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 342858 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12190812 | 12190812 | 11993746 | 197066 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 747454 | 747454 | 656000 | 91454 |
| വികസന ഫണ്ട്-ടി.എസ്.പി | | 2907550 | 2907550 | 2460426 | 447124 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 12405000 | 12405000 | 11617065 | 787935 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 3919947 | 3919947 | 3919947 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് | 0 | 12578483 | 12578483 | 8486725 | 4091758 |
| ടൈഡ് | 0 | 5120000 | 5120000 | 447683 | 4672317 |
| തൊഴിലുറപ്പ് പദ്ധതി | 97814 | 19431421 | 19529235 | 19513948 | 15287 |
| ടി.എസ്.സി | 12000 | 0 | 12000 | - | 12000 |
| ഐ സി ഡി എസ് , സെൻട്രൽ ഷെയർ | 1166662 | 803889 | 1970551 | 1513023 | 457528 |
| എം പി എൽ എ ഡി | 42443 | 372108 | 414551 | 370225 | 44326 |
| സ്വച്ഛ് ഭാരത് മിഷൻ | 260000 | 2564647 | 2824647 | 2066615 | 758032 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 749858 | 17396 | 767254 | 258246 | 509008 |
| സാക്ഷരത | 97560 | 2681 | 100241 | - | 100241 |
| ശുചിത്വം | 261262 | 280000 | 541262 | 389583 | 151679 |
| കേരളോത്സവം | 7518 | 0 | 7518 | 0 | 7518 |
| വിമുക്തി,ആശ്രയ, ലൈഫ് ഭവന പദ്ധതി | 71064 | 2743583 | 2814647 | 74500 | 2740147 |
| ഹരിത കേരളം | 25000 | - | 25000 | - | 25000 |
| കോർപ്പസ് ഫണ്ട് | 414484 | 0 | 414484 | 0 | 414484 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കി | നടപ്പിലാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | യത് | | |
| 190 | 113162294 | 57153494 | 153 | 146 | 7 | 37 | |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നട പ്പിലാ ക്കിയത് | അട ങ്കൽ തുക | ചെല വഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7 | 3391056 | 2784336 | 82.17 |
| 2 | വെറ്ററിനറി സർജ്ജൻ | 8 | 6 | 3056500 | 2392823 | 78.28 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 3 | 2680000 | 1082455 | 40.39 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 220000 | 219720 | 99.87 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 500000 | 500000 | 100 |
| 6 | വി.ഇ.ഒ | 21 | 17 | 40470222 | 7661751 | 18.93 |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 5 | 4819600 | 4155400 | 86.21 |
| 8 | സെക്രട്ടറി | 25 | 20 | 6594319 | 4280394 | 64.91 |
| 9 | ഹെഡ് മാസ്റ്റർ | 6 | 0 | 936496 | 0 | 0 |
| 10 | അസി. സെക്രട്ടറി | 6 | 6 | 1669580 | 1287783 | 77.13 |
| 11 | അസി. എഞ്ചിനീയർ | 102 | 84 | 46340521 | 31287139 | 67.51 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 984000 | 171693 | 17.44 |
| 13 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1500000 | 1330000 | 88.66 |
| | ആകെ | 190 | 153 | 113162294 | 57153494 | 50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 97814 | 886812 | 984626 | 969339 | 15287 |
| ഗുണഭോക്താക്കൾക്ക് | 0 | 18544609 | 18544609 | 18544609 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 97814 | 19431421 | 19529235 | 19513948 | 15287 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3369000 | 223 |
| തൊഴിൽരഹിത വേതനം | 30960 | 32 |
| വിധവാ പെൻഷൻ | 8134700 | 544 |
| വാർധക്യകാല പെൻഷൻ | 27204000 | 1882 |
| വികലാംഗ പെൻഷൻ | 3755400 | 244 |
| അവിവാഹിത പെൻഷൻ | 359100 | 31 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.05.2022ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3426/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. ആഗസ്റ്റ് മാസം മുതലുള്ള എല്ലാ മാസങ്ങളിലും ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും, എടുത്ത തീരുമാനങ്ങളുടെ പുരോഗതി വിലയിരുത്തുകയും, നികുതി പിരിവ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ, പെൻഡിംഗ് ഫയലുകൾ തീർപ്പാക്കൽ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജീവനക്കാരുടെ ചുമതലയിൽ വരുന്ന മാറ്റങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പൗരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1-10 നിലവിലുള്ള കെട്ടിടത്തിന്റെ വിപുലീകരണ ഭാഗത്തിന്റെ വസ്തു നികുതി ഡിമാൻഡ് ചെയ്തിട്ടില്ല.

അന്തിക്കാട്ട് ലതീഷ് കുമാർ എ ആർ എന്നവരുടെ ഉടമസ്ഥതയിലുള്ള 36.52 ച.മീ. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ 70.09 ച.മീ. അധികരിച്ച് നിർമ്മാണം നടത്തിയത് ക്രമവൽകരിച്ച് നൽകിയിട്ടുണ്ട് (അപേക്ഷ നം.68/21 തി:4.1.21). എന്നാൽ സഞ്ചയയിൽ മേൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് പരിശോധിച്ചപ്പോൾ വിപുലീകരണം നടത്തിയ ഭാഗത്തിന് വസ്തു നികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്തതായി കാണുന്നില്ല.

| റഗുലറൈസേഷൻ രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | വാർഡ് നം/കെട്ടിട നം | അപേക്ഷ പ്രകാരം നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം | വിപുലീകരിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്ന വിസ്തീർണ്ണം |
|---|---|---|---|---|---|
| 27/20-21 | അന്തിക്കാട്ട് ലതീഷ് കുമാർ എ ആർ | 9/319 | 36.52 ച.മീ. | 70.09 ച.മീ. | 25 ച.മീ.<br>₹40<br>(38+2 LC) |

മേൽ അപാകം പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. അധികരിച്ചുള്ള നിർമ്മാണം ക്രമവൽകരിക്കുമ്പോൾ നമ്പർ നൽകേണ്ടതില്ലാത്തതിനാൽ ആയത് വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടാതെ പോകാനിടയുണ്ട്. ഇത് തനത്

വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. അതിനാൽ നിലവിൽ വിപുലീകരണത്തിനായി സമർപ്പിച്ചിട്ടുള്ള മറ്റ് അപേക്ഷകളുടെ കാര്യത്തിലും ഇത്തരം അപാകം സംഭവിച്ചിട്ടില്ലായെന്ന് പരിശോധിച്ചുറപ്പിക്കേണ്ടതാണ്.

## 1-11 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 6 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്തിൽ 4 മൊബൈൽ ടവറുകൾക്കാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണമായി തുടരുന്ന മൊബൈൽ ടവറുകളുടെ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.1/30.5.22) താഴെപ്പറയും പ്രകാരം വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

വാർഡ് ക്ലർക്കുമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11.12.18 തിയതിയിൽ സ്ഥലമുടമയ്ക്ക് നോട്ടീസ് അയച്ചതിൽ 3 ടവറുകളുടെ സ്ഥലമുടമകൾ വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. ആയതിൻ പ്രകാരം ടവറുടമകൾക്ക് അറിയിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ക്രമവൽകരണത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ നിരവധിതവണ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കാത്തതിനാൽ 17.10.20 തിയതിയിൽ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റാൻ പഞ്ചായത്തിൽ നിന്ന് ഉത്തരവിടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടവർ ഉടമകൾ പഞ്ചായത്ത് ഓഫീസിൽ ഹാജരാവുകയും സാവകാശം ആവശ്യപ്പെടുകയും ചെയ്തു. ബി.എസ്.എൻ.എൽ. 23.01.20 തിയതിയിൽ ക്രമവൽകരണത്തിനുള്ള അപേക്ഷ നൽകിയെങ്കിലും ആയത് പൂർണ്ണമല്ലാത്തതിനാൽ ബിൽഡിംഗ് റൂൾ 2019 പ്രകാരം അപേക്ഷ പുനസമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ പ്രതികരണം ഉണ്ടായില്ല.

പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരം 13.10.20 തിയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധന നടത്തി വിസ്തീർണ്ണം കണക്കാക്കിയതിൻ പ്രകാരം ക്രമവൽകരണത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 30.10.20 തിയതി വരെ ടവറുടമകൾക്ക് സമയം അനുവദിച്ചെങ്കിലും നാളിതു വരെയായി തുടർ നടപടി ഒന്നും തന്നെ ഉണ്ടായിട്ടില്ല.

നിലവിലെ സാഹചര്യത്തിൽ മേൽ ടവറുടമകൾക്കെതിരെ സർക്കുലർ നം.സി3/18009/17 തി:25.10.17ൽ നിർദ്ദേശിക്കും പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്. മേൽ ടവറുകളെ ചട്ടം 20 പ്രകാരം അനധികൃത നിർമ്മാണത്തിൽപ്പെടുത്തേണ്ടതാണ്. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ യിലെ 1-ാം ഉപവകുപ്പ് പ്രകാരം ടവർ നിയമാനുസൃതമായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന തുക ഇത്തരം അനധികൃത നിർമ്മാണങ്ങളിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് ചട്ടം 20(3)ൽ നിഷ്കർഷിക്കുന്നുണ്ട്.

2011ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 18 പ്രകാരം നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിയമ നടപടി ചട്ടം (19)വകുപ്പ് 210, 1996ലെ കേരളാ പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ എന്നിവ അനുസരിച്ച് ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ ടെണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീസ്, ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിരുന്നത്. ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടുണ്ടോ എന്നും നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.13/06.06.2022) നൽകുയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ജലജീവൻ മിഷൻ വിഹിതം നൽകൽ -രേഖകൾ ഹാജരാക്കിയില്ല -123750/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്റ്റ് നമ്പർ ,പേര് – 227/21 , ജലജീവൻ മിഷൻ വിഹിതം നൽകൽ

അടങ്കൽ – 123750/- തനത് ഫണ്ട്

– 701250/- മറ്റുള്ളവ

ചെക്ക്നം.തീയ്യതി –5772111/23/10/20 ,തുക-123750/-

ഗ്രാമപഞ്ചായത്തിലെ 55 ഗുണഭോക്താകൾക്ക് ശുദ്ധജല വിതരണം ചെയ്യുന്നതിന വേണ്ടി അടങ്കൽ തുകയുടെ 15% ഗ്രാമ

പഞ്ചായത്ത് വിഹിതവും,10% ഗുണഭോക്തൃ വിഹിതവും ഉൾപ്പടെയുള്ള തുക കേരള വാട്ടർ അതോറിറ്റിക്ക് അടക്കുന്നതിനു വേണ്ടിയാണ് മേൽ പദ്ധതി തയ്യാറാക്കിയത്. എന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 123750/- രൂപ മാത്രമാണ് കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലെക്ക് (നം.67119741187) നൽകിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾഹാജരാക്കേണ്ടതാണ്.

1) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിവരവും, ഗുണഭോക്തൃ ലിസ്റ്റും.

2) ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയുടെയും, ഒടുക്കിയ തുകയും സംബന്ധിച്ച വിവരങ്ങൾ

3) മേൽ തുക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ.

4) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ.

5) മോണിറ്ററിംഗ് റിപ്പോർട്ട്.

മേൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/06-06-2022) മറുപടി ലഭ്യമാക്കിയതിൽ രേഖകൾ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 123750/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട്നമ്പർ ,പേര് -16/21, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ -500000/- തനത് ഫണ്ട്

ചെക്ക് നമ്പർ/ തീയ്യതി ,തുക , -770921/ 18-3-21, 457725/-

ഗ്രാമ പഞ്ചായത്തിലെ ചെമ്പേരി, പയ്യാവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള ഇലക്ട്രിക്കൽ പോസ്റ്റുകളിൽ 160 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ക്രൂസ്, കാസർഗോഡ് എന്ന സ്ഥാപനവും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും 21-10-20 ലെ 30എ/20-21 നം. കരാർ ഉടമ്പടി ചമച്ചിരുന്നു. ആയത് പ്രകാരം ക്രൂസ്, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ KREWS/A137/20-21/,21-10-21 പ്രകാരം 36 വാട്ട് എൽ ഇ ഡി ബൾബുകൾ 160 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ചൂണ്ടക്കുന്ന് മേഖലയിൽ തെരുവ് വിളക്കുകൾക്ക് ലൈൻ ദീർഘിപ്പിക്കുന്നതിന് കാലതാമസം വന്നതിനാൽ 10 തെരുവ് വിളക്കുകൾ സ്ഥാപിച്ചിരുന്നില്ല.ആയത് സ്ഥാപിക്കുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജനറൽ മാനേജർ, ക്രൂസിന് നൽകിയ 03-01-2021ലെ എ2-563/20(1) നമ്പർ കത്തിന് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ചും, 2019-20, 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്രൂസിൽ നിന്നും വാങ്ങിയ 400 തെരുവ് വിളക്കുകളിൽ 150 എണ്ണത്തോളം പ്രവർത്തനരഹിതമായതു സംബന്ധിച്ചും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ജനറൽ മാനേജർ, ക്രൂസിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (നം.എ2-563/20(2)) നൽകിയ കത്തിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/04-06-2022 ) ഹാജരാക്കിയ മറുപടിയിൽ 10 തെരുവ് വിളക്കുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിനും, പ്രവർത്തന രഹിതമായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനും ഫോൺ മുഖാന്തിരവും രേഖാമൂലവും ക്രൂസിനെ അറിയിച്ചിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ മേൽ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് 21-5-22 ൽ തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ് ജോയിന്റ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ പറയുന്നു. 10 തെരുവ് വിളക്കുകൾ എത്രയും വേഗം സ്ഥാപിക്കുന്നതിനും പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിതരണ രേഖകൾ ഹാജരാക്കിയില്ല – 219108/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നമ്പർ ,പേര് -162/21 , എസ് ടി കോളനി വായനശാലകൾക്ക് ഫർണിച്ചർ വാങ്ങൽ (So)

അടങ്കൽ -221675/- വികസന ഫണ്ട്

ബിൽ നം.തീയ്യതി, തുക -1/17/4/20 ,169716/-

-11/14/10/20 ,49392/-

മേൽ പദ്ധതി പ്രകാരം കെ പി ഫർണ്ണിച്ചർ മുക്കം, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/തിയ്യതി | വാങ്ങിയ ഫർണ്ണിച്ചറുകൾ | തുക |
|---|---|---|

| | | |
|---|---|---|
| 39/10-3-20 | സ്റ്റീൽ അലമാര -18<br>ഫൈബർ<br>കസേര -121 | 18x5461 =98298<br>(GST ഒഴികെയുള്ള തുക)<br>121x376 =45496<br>(GST ഒഴികെയുള്ള തുക) |
| 42/10-3-20 | സ്റ്റീൽ ടേബിൾ 18 | 18x2325.50=41859<br>(GST ഒഴികെയുള്ള തുക) |
| ആകെ | | 185653+<br>33455 (GST)<br>219108 |

മേൽ പറഞ്ഞ ഫർണ്ണിച്ചറുകൾ വായനശാലകൾക്ക് വിതരണം നടത്തിയതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/6-06-2022 ) മറുപടി ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതിക്കു വേണ്ടി നടത്തിയ GST ഉൾപ്പെടെയുള്ള 219108/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പാലിയേറ്റീവ് ഹോംകെയർ പദ്ധതി-മരുന്നുകൾ ലഭ്യമാക്കിയില്ല.-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പ്രാഥമിക ആരോഗ്യ കേന്ദ്രം |
| പ്രൊജക്ട് നം. | 121/21 |
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് ഹോംകെയർ പദ്ധതി |
| അടങ്കൽ | ₹550000 (വികസന ഫണ്ട്-പൊതു വിഭാഗം)<br>₹300000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹150000 തനത് ഫണ്ട്<br>ആകെ ₹1000000 |
| ചെലവായ തുക | ₹549433 (വികസന ഫണ്ട്-പൊതു വിഭാഗം)<br>₹3,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹77420 തനത് ഫണ്ട്<br>ആകെ ₹926853 |

ഗ്രാമപഞ്ചായത്തിലെ കിടപ്പുരോഗികൾക്ക് വീട്ടിലെത്തി ചികിത്സ നൽകുന്നതിനുള്ള പദ്ധതിയാണ് പാലിയേറ്റീവ് ഹോംകെയർ. 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ₹3,70,661 മുൻകൂറായി നൽകിയിട്ടുണ്ട്.

| ബിൽ നം./തീയതി /ഫണ്ട് | തുക | പ്രൊഫോർമ ഇൻവോയ്സ് നം. |
|---|---|---|
| 12/2020-21/28.1.21<br>വികസന ഫണ്ട്<br>(പൊതു വിഭാഗം) | ₹70661 | പ്രൊഫോർമ ഇൻവോയ്സ്<br>നം.PRF4539/20.1.21 |
| 16/2020-21/28.3.21<br>ജില്ലാ പഞ്ചായത്ത്<br>വിഹിതം | ₹3,00,000 | പ്രൊഫോർമ ഇൻവോയ്സ്<br>നം.PRF4539/20.1.21 |
| ആകെ | ₹3,70,661 | |

എന്നാൽ ₹59607യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹311054യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക് (2/1.6.22) കെ.എം.സി.എൽ ൽ നിന്ന് മരുന്നുകൾ ലഭ്യമാകാൻ താമസം നേരിടുന്നുണ്ടെന്നും ബാക്കിയുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം മനസ്സിലാക്കി ആവശ്യമായ തുടർനടപടകൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പൂപ്പറമ്പ് ആധുനിക ശ്മശാനം നിർമ്മാണം - പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, ഏരുവേശ്ശി ഗ്രാമ ഞ്ചായത്ത്. | |
| പ്രോജക്റ്റിന്റെ പേര് | 176/21 പൂപ്പറമ്പ് ആധുനിക ശ്മശാനം നിർമ്മാണം | 126/20 പൂപ്പറമ്പ് ആധുനിക ശ്മശാനം നിർമ്മാണം |
| അടങ്കൽ | ₹1,80,950 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>₹30,38,176 (മറ്റു ജില്ലാപഞ്ചായത്ത് വിഹിതം) | ₹15,50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹39,00,000 (മറ്റു ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹ ₹1,80,950 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹13,69,050 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹8,61,824 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ/ തീയ്യതി | 75/29.03.21 | ₹13,69,050 - 03/29.06.2019<br>₹8,61,824 (SB/XY 5039307/18.01.20) |
| കരാറുകാരന്റെ പേര് | ബേബി ജോസഫ് | |
| എം ബുക്ക് നം. | 04/18-19, 61/18-19 54/18-19 | |
| ആകെ പ്രവൃത്തി മൂല്യം | ₹28,49,054 | |
| എഗ്രിമെന്റ് നം | 54/AE/LSGD/ERY/18-19/13.02.19 | |

LSGD TS/2017-18/9145/Dated 24.02.2018 പ്രകാരം സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 10 മാസമാണ്. 2018-19 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പൂപ്പറമ്പ് ആധുനിക ശ്മശാനം നിർമ്മാണം (നം.174/19) എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് കരാറിലേർപ്പെട്ടത്. പിന്നീട് 09.01.20ലെ 6/20 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റിലെ ചില ഇനം പ്രവൃത്തികളിൽ മാറ്റം വരുത്തി കുഴൽകിണർ നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്തി ₹54,50,000യാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ശ്മശാനത്തിന്റെ മെക്കാനിക്കൽ പ്രവൃത്തിയുടെ നിർമ്മാണത്തിലുണ്ടായ കാലതാമസം കാരണം എസ്റ്റിമേറ്റിലുൾപ്പെട്ട ലാന്റ് സ്കേപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നതിനാൽ ഭരണസമിതിയുടെ 26.02.21ലെ 53/21(4) തീരുമാന പ്രകാരം ഫൈനൽ ബിൽ അംഗീകരിക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക ശ്മശാനത്തിന്റെ കുഴൽകിണർ, ക്രിമറ്റോറിയം, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/06.06.22) മറുപടി ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-18 സൈൻ ബോർഡ് സ്ഥാപിക്കൽ – ഭരണസമിതി തീരുമാനത്തിനനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ , ഏരുവേശ്ശി ഗ്രാമ ഞ്ചായത്ത്. |
| പ്രോജക്ടിന്റെ പേര് | 197/21 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സൈൻ ബോർഡ് |
| അടങ്കൽ | ₹ 250000 (തനത് ഫണ്ട്) |
| ചെലവ് | ₹ 195449 (ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടെ) |
| ബിൽ നമ്പർ/ തീയ്യതി | 22001373/30.03.2021 |
| കരാറുകാരന്റെ പേര് | എം . പ്രസന്ന കുമാർ |
| എം ബുക്ക് നം | 61/19-20 |
| ആകെ പ്രവൃത്തി മൂല്യം | ₹174508 |
| എഗ്രിമെന്റ് നം. | 61/AE/LSGD/ERY/19-20/04.03.20 |

മേൽ പരാമർശിച്ച പ്രൊജക്ടിൽ വിവിധ റോഡുകൾക്ക് സിംഗിൾ ഷീറ്റിൽ 18 സൈൻബോർഡ് സ്ഥാപിക്കുന്നതിനാണ് ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഭരണസമിതിയുടെ 28.02.20ലെ 63/20 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ മുൻ വശത്തുള്ള നെയിം ബോർഡിന്റെ പ്രവൃത്തി സംഗിൾ ഷീറ്റിൽ ചെയ്യുന്നത് മാറ്റി ആധുനീക രീതിയിലുള്ള എ സി പി ഷീറ്റിൽ ചെയ്യുന്നതിനായി നിവിലെ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചതു പ്രകാരം റിവൈസ് ചെയ്തതിൽ സൈൻ ബോർഡുകളുടെ എണ്ണം 18 ൽ നിന്നം 8 എണ്ണമായി കുറച്ചിട്ടുണ്ട്. മേൽ പരാമർശിച്ച തീരുമാന പ്രകാരം നെയിം ബോർഡിന്റെ പ്രവൃത്തി സിംഗിൾ ഷീറ്റിൽ ചെയ്യുന്നത് മാറ്റി ആധുനിക രീതിയിലുള്ള എ സി പി ഷീറ്റിൽ ചെയ്യുന്ന വിധത്തിൽ മാറ്റം വരുത്തുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. സൈൻ ബോർഡുകളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതിന് അംഗീകാരം നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/06.06.22) ഹാജരാക്കിയ മറുപടിയിൽ ഒറിജിനൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാലാണ് സൈൻ ബോർഡുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയതെന്നാണ് അറിയിച്ചത്. ഭരണസമിതിയുടെ അനുമതിയില്ലാതെ ഇത്തരം മാറ്റം വരുത്തിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ഭരണസമിതിയുടെ അംഗീകാരത്തിനനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ബിൽ/ചെക്ക് നമ്പർ / തീയതി,തുക | റിമാർക്സ് |
|---|---|---|---|
| 31/21 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 150000/- വികസന ഫണ്ട് | 18/15-2-21 , 50000/- | മിഡിലാക്കയം സബ്സെന്റർ കുഴൽ കിണറും, അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തത് |
| 244/21 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 69708/- തനത് ഫണ്ട് | 5772115/18-11-20 59708/- | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കു ന്നതിന് KSEB ശ്രീകണ്ഠാപുരം ഇലക്ട്രിക്ക് സെക്ഷന് ഡെപ്പോസിറ്റ് ചെയ്തത് |

| | | | |
|---|---|---|---|
| 2/21,ഐ കെ എം ന് പ്രവർത്തന ഫണ്ട് | 62615/-വികസന ഫണ്ട് പൊതു വിഭാഗം | 10/14-10-20, 62615/- | പ്രവർത്തന ഫണ്ട് ഇനത്തിൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷന് നൽകിയത് |
| 19/21, അങ്കണവാടികൾക്ക് കുഴൽ കിണറുകൾ കുഴിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യൽ | 250000/-വികസന ഫണ്ട് ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 17/15-2-21, 88000/- | തെള്ളിക്കവല, ചെളിംപറമ്പ് അങ്കണവാടികളിൽ കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന് ഡെപ്പോ സിറ്റ് ചെയ്തത് |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ/വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/04-06-2022) മറുപടി ലഭ്യമാക്കിയതിൽ രേഖകൾ ഹാജരാക്കുന്നതാണ് എന്നറിയിച്ചിരുന്നു. എത്രയും വേഗം പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം/ രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 02.06.2022, 03.06.2022 | കെ.എസ്.എ/കെ.എൻ.ആർ/സി4/ 849/22 തീയതി: 24.06.2022. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇരിക്കൂർ | 2020-21 | 330000 | ക്ഷീരകർഷകർക്ക് | 330000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | പാലിന് സബ്സിഡി | | |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | ,, | 42922 | വീട്ടുവളപ്പിൽ മത്സ്യകൃഷി (പടുതാക്കുളം) | 42922 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | ,, | 800000 | ലൈഫ് മൂന്നാംഘട്ടം സ്ഥലം വാങ്ങുന്നതിന് | 800000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | ,, | 122716 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 122716 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| ആകെ | | 1445638 | | 1445638 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 1000000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1000000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 40800 | തരിശുഗ്രാമം | 40800 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 360000 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം | 360000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 85844 | വീട്ടുവളപ്പിൽ മത്സ്യകൃഷി (പടുതാക്കുളം) | 85844 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 640000 | ലൈഫ് മൂന്നാംഘട്ടം സ്ഥലം വാങ്ങുന്നതിന് | 640000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 217525 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 217525 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ,, | 300000 | പാലിയേറ്റീവ് ഹോംകെയർ | 300000 | 0 |
| ആകെ | ,, | 2644169 | | 2644169 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുഴൽകിണർ | 1046103 | 88000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | മിഡിലാക്കയം സബ്സെന്റർ കുഴൽകിണർ നിർമ്മാണം | 1046105 | 50000 | 0 | |
| കെ.എസ്. ഇ.ബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 155765 | 200000 | 0 | |
| കെ.എസ്. ഇ.ബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 22000738 | 59708 | 59708 | |
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 18/15.02.21 | 50000 | 0 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി ലോൺ | - | 74,68,000 | 72,03,294 | 5,26,588 | - | 66,76,706 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| - | - | 2014-15 | 4.1.8 | വിവിധ പദ്ധതികൾക്കായി വാങ്ങിയ വസ്തു വകകൾ കാട്ടു പിടിച്ചു കിടക്കുന്നു | നില നിൽക്കുന്നു |
| 2014-15<br>2015-16 | 2.2<br>2.4 | 2016-17 | 2 | തൊഴിൽ നികുതി | നില നിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70342440 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74597715 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 342858 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 123750 | ശ്രീ.ജോർജ്.ഒ.എം, സെക്രട്ടറി |
| 1-15 | 219108 | ശ്രീ.പ്രസന്നകുമാർ.എൻ, സെക്രട്ടറി |
| ആകെ | 342858 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രസന്നകുമാർ.എൻ, സെക്രട്ടറി | സെക്രട്ടറി,ആലക്കോട് ഗ്രാമ പഞ്ചായത്ത് | നടുവിലെ മുറിയിൽ, മണക്കടവ് |
| ശ്രീ.ജോർജ്.ഒ.എം, സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് | ഓലിക്കൽ, കാർത്തികപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019, തീ.04.9.2019 | 2 |
| 2007-08 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019,തീ.04.9.2019 | 5 |
| 2008-09 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019,തീ.04.9.2019 | 4 |
| 2009-10-10-11 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019,തീ.04.9.2019 | 5 |
| 2013-14<br>2014-15 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019,തീ.04.9.2019 | 3 |
| 2015-16 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019,തീ.04.9.2019 | 7 |
| 2016-17 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/847/2019,തീ.04.9.2019 | 8 |
| 2017-18 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/35/2019,തീ.09.04.2019 | 9 |
| 2018-19 | നം-കെ.എസ്.എ/കെ.എൻ.ആർ/ സി4/105/2020(1),തീ.15.09.2020 | 13 |
| 2019-20 | നം.കെഎസ്എ/കെ എൻ ആർ/സി4/ 848/22, തീ. 24.06.2022 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Eruvessy Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20478594.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1445340.00 |
| 140000000 | Fees & User Charges | RP-4 | 483965.00 |
| 150000000 | Sale & Hire Charges | RP-5 | 262231.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52193339.00 |
| 171000000 | Interest Earned | RP-9 | 376105.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9059705.00 |
| 350000000 | Other Liabilities | RP-36 | 397581.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 234.00 |
| 311000000 | Earmarked Funds | RP-29 | 1349.00 |
| 340000000 | Deposits Received | RP-34 | 1081130.00 |
| 350000000 | Other Liabilities | RP-36 | 461625.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4579836.00 |
| | Grand total | | 90821034.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2796319.00 |
| 220000000 | Administrative Expenses | RP-12 | 1030850.00 |
| 230000000 | Operations & Maintenance | RP-13 | 1755432.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6680335.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15737267.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3187006.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 87615.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 297960.00 |
| 255000000 | Maintenance Projects | RP-20 | 12126564.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -47026.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 400000.00 |
| 350000000 | Other Liabilities | RP-36 | 5711677.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1013.00 |
| 340000000 | Deposits Received | RP-34 | 153750.00 |
| 350000000 | Other Liabilities | RP-36 | 2552939.00 |
| 410000000 | Fixed Assets | RP-38 | 15873258.00 |
| 412000000 | Capital work in Progress | RP-40 | 180950.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3780437.00 |
| 460000000 | Loans, Advances and Deposits | RP-47 | 2291369.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16223199.00 |
| Cash | Cash | RP-40(b) | 120.00 |
| | Grand Total | | 90821034.00 |

## അനുബന്ധം 3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Eruvessy Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5126876.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1367518.00 |
| 140000000 | Fee & User Charges | I-4(b) | 753119.00 |
| 150000000 | Sale & Hire Charges | I-5(b) | 262231.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 122163826.00 |
| 171000000 | Interest Earned | I-8 | 376105.00 |
| 180000000 | Other Income | I-9 | 234.00 |

| | | | |
|---|---|---|---|
| | Total Income | | 130049909.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10507692.00 |
| 220000000 | Administrative Expenses | I-11(b) | 1030850.00 |
| 230000000 | Operations & Maintenance | I-12(b) | 1755432.00 |
| 240000000 | Interest & Finance Charges | I-13 | 1013.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6757735.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41486688.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4049631.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 87615.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43120160.00 |
| 255000000 | Maintenance Projects | I-14(e) | 12126564.00 |
| 272000000 | Depreciation | I-17(a) | 11293729.00 |
| | Total Expenditure | | 132217109.00 |
| | Gross Surplus/ Deficit of income over Expenditure | | -2167200.00 |
| 280000000 | Prior Period Item | I-18 | -79226.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2087974.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## ബാലൻസ് ഷീറ്റ്

| |
|---|
| Eruvessy Grama Panchayat BALANCE SHEET |

| As on 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 148184.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 34813.00 |
| 312000000 | Reserves | B-3 | 63195250.00 |
| | Total Reserve & Surplus | | 63378247.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11674590.00 |
| | Total Grants, Contributions for Specific Purposes | | 11674590.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6676706.00 |
| | Total Loans | | 6676706.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2838028.00 |
| 350000000 | Other Liabilities | B-9 | 2759016.30 |
| | Total Current Liabilities and Provisions | | 5597044.30 |
| | TOTAL LIABILITIES | | 87326588.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 105636095.00 |
| 411000000 | Accumulated Depreciation | B-11 | -45167574.00 |
| 412000000 | Capital Work in Progress | B-11(a) | 2411824.00 |
| | Total Fixed Assets | | 62880345.00 |
| | Investments | | |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5767390.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16223319.00 |
| 460000000 | Loans, Advances and Deposits | B-18 | 2455534.00 |
| | Total Current Assets, Loans and Advances | | 24446243.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 87326588.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.